# മരണപ്പെട്ടവരുടെ സഹായം:

# സമസ്തയും ഇസ്‌ലാമും

മുതഅല്ലിം: അസ്സലാമു അലൈക്കും വ റഹ്മത്തുല്ലാഹ്

ഉസ്താദ്: വ അലൈക്കുസ്സലാം വ റഹ്മത്തുല്ലാഹ്. ആരാണ് നിന്റെ കൂടെ പുതിയ ഒരാൾ? ആട്ടെ, ഇങ്ങോട്ട് കടന്നിരിക്കൂ.

മുതഅല്ലിം: അയിലൂര് അയമു മൊല്ലാക്കാന്റെ ദർസിലോതുന്ന അലവി നെച്ചോളിയാണ് ഉസ്താദേ. കുറച്ചു കാര്യങ്ങൾ ചോദിച്ചറിയണം എന്ന ഉദ്ദേശ്യത്തിലാണ് വന്നിട്ടുള്ളത്.

ഉസ്താദ്: അത് നല്ലതാണ്. അറിയേണ്ട കാര്യങ്ങൾ പക്ഷപാതമില്ലാതെ ആരോടും ചോദിച്ച് മനസ്സിലാക്കാനുള്ള മനസ്ഥിതിയാണ് ഒരു മുസ്‌ലിമിന് വേണ്ടത്. പ്രത്യേകിച്ച് വിദ്യാർഥികൾക്ക്.

അലവി: മരിച്ചു പോയ മഹാന്മാരോട് സഹായാർഥന നടത്തുന്നത് സംബന്ധിച്ചാണ് എനിക്ക് അറിയാനുള്ളത്.

ഉസ്താദ്: അക്കാര്യത്തിൽ അലവി പഠിച്ചു വെച്ചിട്ടുള്ളത് എന്താണ്? അവശ്യ ഘട്ടങ്ങളിൽ മരിച്ചവരോട് സഹായാർഥന നടത്താമെന്നാണൊ സമസ്തക്കാരായ നിങ്ങൾ വിശ്വസിക്കുന്നത്?

അലവി: തീർച്ചയായും. ഞങ്ങളുടെ പ്രസിദ്ധീകരണങ്ങൾ അക്കാര്യം വ്യക്തമാക്കിയിട്ടുള്ളതാണ്.

ഉസ്താദ്: ഒരു ഉദാഹരണം പറയാമൊ?

അലവി: ഞാൻ വായിക്കുന്നത്, സുന്നത്ത് ജമാഅത്തിന്റെ ജിഹ്വയായ രിസാലയിൽ നിന്നാണ്.

''മരണപ്പെട്ടവരിൽ നിന്ന് സഹായം ലഭ്യമാകുമെന്നും ക്വുർആൻ ഉദ്ധരിച്ച് സുന്നീപക്ഷം സമർഥിക്കുകയുണ്ടായി. സൂറത്തുന്നിസാഇലെ 69ാംവചനം ഇപ്രകാരമാണ്: അല്ലാഹുവിനും റസൂലിനും വഴിപ്പെടുന്നവർ നബിമാർ, സിദ്ധീക്വീങ്ങൾ, ശുഹദാക്കൾ, സ്വാലിഹങ്ങൾ തുടങ്ങി അല്ലാഹു അനുഗ്രഹിച്ചവരോടൊപ്പമാകുന്നു. ഇവർ നല്ല സഹായികളാകുന്നു. ഈ അർഥമാണ് ഇമാം റാസി ആയത്തിന് നൽകുന്നത് അവർ നല്ല കൂട്ടുകാരാണെന്നതിന്റെ താത്പര്യം അവരിൽ നിന്ന് അവശ്യ ഘട്ടത്തിൽ സഹായം ലഭിക്കുക എന്നു തന്നെയാണ്. ഇമാം റാസി പറയുന്നു: അല്ലാഹുവിനും റസൂലിനും വഴിപ്പെടുന്നവർക്ക് നാല് വിഭാഗത്തിന്റേയും കൂട്ട് ലഭിക്കുന്നു. അവരുടെ റഫീഖാവുക എന്നാൽ അവരിൽ നിന്ന് നന്മ ലഭിക്കുക എന്നാണ്. (റാസി 5:181)'' (രിസാല 2006 മെയ് 19)

ഉസ്താദ്: സമർഥനം വളരെ നന്നായിട്ടുണ്ട്. ആട്ടെ, സമസ്തക്കാർ 'സഹായം' എന്നത് കൊണ്ട് അർഥമാക്കുന്നത് എന്താണെന്ന് അലവിക്ക് അറിയുമൊ?

അലവി: ഏത് കാര്യത്തിനും എവിടെ വെച്ചും മരിച്ച മഹാന്മാരോട് വിളിച്ച് തേടുക എന്നാണ് അത് കൊണ്ട് ഞങ്ങൾ അർഥമാക്കുന്നത്. മുഹ്‌യുദ്ദീൻ മാലയുടെ പരിഭാഷയിൽ ഞങ്ങളുടെ പണ്ഡിതന്മാർ നൽകിയ വിശദീകരണം വായിച്ചാൽ നമുക്കത് മനസ്സിലാകും:

"വല്ല നിലത്തീന്നും എന്നെ വിളിപ്പോർക്ക്
ബായ്കൂടാ ഉത്തിരം ചെയ്യും ഞാനെന്നോവർ"

''എവിടെ വെച്ചും ആര് എപ്പോൾ വിളിച്ചാലും ഉടനെ സഹായിക്കാനും പ്രശ്നം പരിഹരിക്കാനും ശൈഖ് അവർകൾക്ക് കഴിയും എന്ന് തന്നെയാണ് അദ്ദേഹം ഈ പറഞ്ഞത്'' (സമ്പൂർണ്ണ മുഹ്‌യുദ്ദീൻ മാല പരിഭാഷ 1/448, മുസ്തഫൽ ഫൈസി)

ഉസ്താദ്: സത്യത്തിൽ ആര്, എവിടെ നിന്ന്, എന്താവശ്യത്തിന് വിളിച്ചാലും മഹാന്മാരായ ആളുകൾക്ക് അത് എപ്പോഴും അറിയാനാകും എന്ന വിശ്വാസം സമസ്തക്കാർക്കുണ്ടൊ?

അലവി: ഉണ്ടല്ലൊ, സ്വാലിഹീങ്ങളായ അല്ലാഹുവിന്റെ ഔലിയാക്കൾക്ക് അതിനുള്ള കഴിവ് അല്ലാഹു കൊടുക്കും എന്ന് തന്നെയാണ് ഞങ്ങളുടെ വിശ്വാസം.

ഉസ്താദ്: അലവിയെ ഞാൻ അഭിനന്ദിക്കുന്നു. താനെന്ത് വിശ്വസിക്കുന്നൊ അതിൽ യാതൊരു സംശയ വുമില്ലാതിരിക്കുക എന്നത് പ്രധാനമാണ്. നീയാ രിസാലയെടുക്ക് മോനെ. ഇതാ, ഈ ഭാഗമൊന്ന് വായിക്ക്.

മുതഅല്ലിം: "അമ്പിയാക്കളും ഔലിയാക്കളും എല്ലാ നിമിഷങ്ങളിലും എല്ലാ കാര്യങ്ങളും അറിഞ്ഞു കൊണ്ടിരിക്കുമെന്ന വാദം ഇസ്‌ലാമിനില്ല" (രിസാല 2004 ജൂൺ 2)

ഉസ്താദ്: വായിച്ചത് അലവി കേട്ടല്ലൊ? മോനെന്തു പറയുന്നു? അമ്പിയാക്കളും ഔലിയാക്കളും എല്ലാ നിമിഷങ്ങളിലും എല്ലാ കാര്യങ്ങളും അറിയുകയില്ല എന്നാണ് രിസാലയില് കണ്ടത്. ഏത് നിമിഷത്തിലാണ് അവർ എല്ലാ കാര്യങ്ങളും അറിയാതിരിക്കുക, ഏത് കാര്യങ്ങളൊക്കെയാണ് അവർക്ക് അറിയാൻ സാധി ക്കാതിരിക്കുക എന്നീ കാര്യങ്ങൾ അവരോട് സഹായമർഥിക്കുന്നവർക്ക് എങ്ങിനെ അറിയാൻ കഴിയും അലവീ?

മുതഅല്ലിം: ഇസ്‌ലാമിനില്ല എന്നല്ലെ ഉസ്താദേ രിസാലയിലുള്ളത്. സമസ്തക്കാർക്കുണ്ട് എന്നായിരിക്കുമൊ അതിന്റെ പൊരുൾ?

ഉസ്താദ്: അതെന്തൊ ആകട്ടെ, അമ്പിയാക്കൾക്കും ഔലിയാക്കൾക്കും എല്ലാ നിമിഷങ്ങളിലും എല്ലാ കാര്യങ്ങളും അറിയില്ല എന്ന കാര്യമെങ്കിലും അലവിയുടെ ഉലമാക്കൾ അംഗീകരിച്ചിട്ടുള്ളതാണ് എന്ന കാര്യം വ്യക്തമല്ലെ?

അലവി: പക്ഷെ, മറ്റു പല ആയത്തുകൾ കൊണ്ടും തെളിഞ്ഞ സംഗതിയാണ് അമ്പിയാക്കളോടും ഔലിയാ ക്കളോടും സഹായാർഥന നടത്താമെന്നത്.

ഉസ്താദ്: അമ്പിയാക്കളോടും ഔലിയാക്കളോടും സഹായാർഥന നടത്താമെന്നതിനല്ലെ മോൻ രിസാലയിൽ നിന്നും ഉദ്ധരിച്ചത്? സൂറത്തുന്നിസാഇലെ 69-ാംവചനമല്ലെ അതിൽ തെളിവായി കൊടുത്തിട്ടുള്ളത്? ആ ആയത്തിന്റെ ആശയം രിസാലയിൽ പറഞ്ഞതു പ്രകാരം തന്നെയാണോ എന്ന് അലവി പരിശോധന നടത്തിയിട്ടുണ്ടൊ?

ഉത്തരം: കൃത്യമായ പരിശോധനയൊന്നും നടത്തിയിട്ടില്ല. എന്റെ ഉസ്താദുമാരും അങ്ങനെത്തന്നെയാണ് വിശദീകരിച്ചു തന്നിട്ടുള്ളത്. അപ്പോൾ മറ്റു ഉലമാക്കളും അങ്ങനെയായിരിക്കുമല്ലൊ വ്യക്തമാക്കിയിട്ടു ണ്ടാവുക.

ഉസ്താദ്: അത് പോര കുട്ടീ, അറബിയിലും മലയാളത്തിലുമായി ഒരുപാട് തഫ്സീറുകൾ അലവിയുടെ അറിവിൽ തന്നെയുണ്ടല്ലൊ. അതൊക്കെ വായിച്ച് പരിശോധിക്കുന്നത് നല്ലതാണ്. സംശയങ്ങൾ തീർക്കാൻ സാധിക്കും. പഠിച്ച കാര്യങ്ങളിൽ യഖീനുണ്ടാകും. വാദങ്ങൾ സ്ഥാപിക്കാൻ ധൈര്യമുണ്ടാകും. അങ്ങനെ പലതും...

അലവി: അക്കാര്യത്തിൽ ഞാൻ നിങ്ങളോട് യോജിക്കുന്നു.

ഉസ്താദ്: അമ്പിയാക്കളോടും ഔലിയാക്കളോടും സഹായാർഥന നടത്താൻ തെളിവായി നൽകിയ സൂറത്തുന്നിസാഇലെ 69-ാംവചനത്തിന് സമസ്തയുടെ പണ്ഡിന്മാർ നൽകിയ അർഥവും വ്യാഖ്യാനവും അലവി വായിച്ചിട്ടുണ്ടൊ?

അലവി: ഇല്ല. പക്ഷെ, സമസ്തയുടെ ഈ വിശ്വാസത്തിന് വിരുദ്ധമായി സമസ്തയുടെ പണ്ഡിന്മാർ എന്തെ ങ്കിലും എഴുതുമെന്ന് തോന്നുന്നില്ല.

ഉസ്താദ്: നീ ആ ആയത്തൊന്ന് വായിക്ക്.

മുതഅല്ലിം:

وَمَن يُطِعِ اللّهَ وَالرَّسُولَ فَأُوْلَـئِكَ مَعَ الَّذِينَ أَنْعَمَ اللّهُ عَلَيْهِم مِّنَ النَّبِيِّينَ وَالصِّدِّيقِينَ وَالشُّهَدَاء وَالصَّالِحِينَ وَحَسُنَ أُولَـئِكَ رَفِيقًا (النساء: 69)

ഉസ്താദ്: ഈ ആയത്തിന് സമസ്തയിലെ ബഹുമാന്യ പണ്ഡിതൻ കെ. വി. മുഹമ്മദ് മുസ്ല്യാർ, കൂററനാട് നൽകുന്ന അർഥവും വ്യാഖ്യാനവും അദ്ദേഹത്തിന്റെ ഈ തഫ്സീറിൽ നിന്ന് അലവി വായിച്ചേ.

അലവി: "ആരെങ്കിലും അല്ലാഹുവിനും അവന്റെ റസൂലിനും വഴിപ്പെട്ടു നടന്നാൽ അവർ (പരലോകത്ത്) അല്ലാഹുവിന്റെ അനുഗ്രഹം സിദ്ധിച്ചവരുടെ - നബിമാർ, സിദ്ധീഖുകൾ, ശുഹദാഅ്, സ്വാലീഹുകൾ എന്നിവരുടെ - കൂടെയായിരിക്കും. അവരെത്ര വിശിഷ്ട സഹവാസികൾ" (ഫത്ഹുർറഹ്മാൻ 1/586)

വ്യാഖ്യാനം:

"ഉന്നതരോടു കൂടിയുള്ള സഹവാസം ആരും ആഗ്രഹിക്കുന്നതാണ്. അല്ലാഹുവിനും റസൂലിനും കീഴ്പ്പെട്ടു ജീവിക്കുന്നവർക്ക് മാത്രമേ പരലോകത്ത് ഉന്നതന്മാരുമായി സഹവസിക്കാൻ സാധ്യമാകൂ." (ഫത്ഹുർറഹ്മാൻ 1/586)

ഉസ്താദ്: സമസ്തയിലെ തലമുതിർന്ന പണ്ഡിതൻ കെ. വി. മുഹമ്മദ് മുസ്ല്യാരിന്റെ മേലെക്കൊടുത്ത അർഥത്തിലും വ്യഖ്യാനത്തിലും, രിസാലയിൽ പറഞ്ഞതു പ്രകാരം, മഹാന്മാരോട് സഹായമർഥിക്കാനുള്ള വല്ല തെളിവും അലവി കണ്ടുവൊ? ശരി, ഇനി പ്രസ്തുത ആയത്തിന് ഖാദി അബ്ദുറഹ്മാൻ മഖ്ദൂമി, പൊന്നാനി എഴുതിയത് ഇതാ ഇതിൽ നിന്ന് വായിക്കൂ.

അലവി: "ആരെങ്കിലും അല്ലാഹുവിനേയും റസൂലിനേയും അനുസരിച്ചു നടന്നാൽ അവർക്ക് (പരലോകത്ത്) അല്ലാഹുവിന്റെ അനുഗ്രഹം സിദ്ധിച്ചവരുടെ - നബിമാർ, സിദ്ധീഖുകൾ, ശുഹദാഅ്, സ്വാലീഹുകൾ - എന്നിവരുടെ കൂടെയായിരിക്കും. എത്ര വിശിഷ്ട സഹവാസികളാണവർ" (ഫത്ഹുൽ അലീം, 1/212)

വ്യാഖ്യാനം:

സത്യവിശ്വാസം കൊണ്ട് അല്ലാഹുവിനേയും റസൂലിനേയും അനുസരിച്ചു ജീവിച്ചിരുന്നെങ്കിൽ അതായിരുന്നു അവർക്ക് ഏററവും ഉത്തമം. നബിമാർ, സിദ്ധീഖുകൾ (സത്യസന്ധർ), രക്തസാക്ഷികൾ, സദ്വൃത്തർ ഇവരോടൊന്നിച്ച് സ്വർഗത്തിൽ സസുഖം വസിക്കാനും അവർക്ക് സാധിക്കുമായിരുന്നു. (ഫത്ഹുൽ അലീം, 1/212)

ഉസ്താദ്: എന്തു തോന്നുന്നു അലവിക്ക്? ഇതാണ് ഞാൻ മുമ്പ് പറഞ്ഞത്, ആര് ഒരു കാര്യം പറഞ്ഞു പഠിപ്പിച്ചാലും അതിനെപ്പററി കൂടുതൽ വായിച്ചു പഠിക്കാൻ തയ്യാറാകണമെന്ന്. ഈ ആയത്ത് അമ്പിയാക്കളോടും ഔലിയാക്കളോടും സഹായാർഥന നടത്താനുള്ള തെളിവാണെങ്കിൽ സമസ്തയിലെ ഈ രണ്ട് പണ്ഡിതന്മാരും അക്കാര്യം ഇവിടെ സൂചിപ്പിക്കാതിരിക്കുമൊ? അലവീ, وَحَسُنَ أُولَـٰئِكَ رَفِيقًا എന്നതിന് രണ്ട് പണ്ഡിതന്മാരും നൽകിയ അർഥമെന്താണ്?

അലവി: അവരെത്ര വിശിഷ്ട സഹവാസികൾ എന്നാണ് അവർ അർഥം നൽകിയത്.

മുതഅല്ലിം: അപ്പോൾ ഇവർ നല്ല സഹായികളാകുന്നു എന്ന് രിസാലയിൽ നൽകിയ അർഥം തെറ്റല്ലെ?

ഉസ്താദ്: അലവി പറയട്ടെ. അലവി പ്രത്യേകം ശ്രദ്ധിക്കേണ്ട മറ്റൊരു കാര്യം കൂടിയുണ്ടതിൽ...

അലവി: അല്ലാഹുവിനേയും റസൂലിനേയും അനുസരിച്ചു നടന്നാൽ അവർക്ക് പരലോകത്ത് മഹാന്മാരോടൊപ്പം സഹവസിക്കാനാവുന്നതിനെപ്പറ്റിയാണ് ഈ ആയത്ത് പഠിപ്പിക്കുന്നത് എന്നതല്ലെ?

ഉസ്താദ്: അല്ലാഹു നിന്നെ അനുഗ്രഹിക്കട്ടെ. തീർച്ചയായും അതു തന്നെയാണ് ഞാനുദ്ദേശിച്ചത്.

മുതഅല്ലിം: സുന്നീ സാഹിത്യത്തറവാട്ടിലെ കാവലാൾ എന്ന് കീർത്തികേട്ട കെ. വി. മുഹമ്മദ് മുസ്ല്യാർ, പന്താവൂരും ഇതേ പ്രകാരം തന്നെയാണുസ്താദേ എഴുതിയിട്ടുള്ളത്. ഞാനതു വായിക്കാം:

"അല്ലാഹുവിനേയും പ്രവാചകനേയും അനുസരിക്കുന്നവർ ആരോ അവർ അല്ലാഹു അനുഗ്രഹിച്ച നബിമാർ, മഹോന്നത സ്വഹാബികൾ, പുണ്യാത്മാക്കൾ എന്നിവരോടൊപ്പമാകുന്നു (സ്വർഗത്തിൽ)" (ബയാനുൽ ഖുർആൻ: 1/239)

അലവി: അപ്പോൾ...!!!

ഉസ്താദ്: വരട്ടെ, സൂറത്തുന്നിസാഇലെ 69ാം വചനത്തിന്റെ അവതരണ പശ്ചാത്തലമെന്താണെന്ന് കൂടി അലവി മനസ്സിലാക്കിയാൽ രിസാലക്കാരന്റെ വാദം തെറ്റാണെന്നും, അല്ലാഹു അല്ലാത്തവരോട് പ്രാർഥിക്കുന്നത് പാതകമാണെന്നും ബോധ്യപ്പെടും. മരണപ്പെട്ട മഹാന്മാരിൽ നിന്ന് സഹായം ലഭിക്കുമൊ റസൂലേ, എന്ന് സ്വഹാബികൾ ചോദിച്ചപ്പോൾ അവതരിച്ചതാണൊ ഇത്? ഈ ആയത്തിന്റെ അവതരണ പശ്ചാത്തലം സമസ്തയുടെ പണ്ഡിതനായ ടി. കെ. അബ്ദുല്ല മുസ്ല്യാരുടെ തഫ്സീറിൽ നിന്ന് വായിച്ചേ.

അലവി: "അവിടുന്ന് ഉന്നത പദവിയിലും സ്വർഗത്തിൽ ഞങ്ങൾ താഴ്ന്നപടിയിലുമായിരിക്കെ താങ്കളെ ഞങ്ങൾ എങ്ങനെ കണ്ടുമുട്ടുമെന്ന് സ്വഹാബത്ത് ആശങ്ക പ്രകടിപ്പിച്ചപ്പോൾ അവതരിച്ചു" (തഫ്സീറുൽ ക്വുർആൻ: 140)

ഉസ്താദ്: അലവിക്കിപ്പോൾ കാര്യം കൃത്യമായി ബോധ്യപ്പെട്ടിരിക്കുമെന്ന് കരുതുന്നു. അല്ലാഹുവിനേയും റസൂലിനേയും അനുസരിച്ചു ജീവിക്കുന്നവർക്ക് അല്ലാഹുവിന്റെ അനുഗ്രഹം സിദ്ധിച്ച, നബിമാർ, സിദ്ധീക്വുകൾ, ശുഹദാഅ്, സ്വാലിഹുകൾ, എന്നിവരുടെ കൂടെ സ്വർഗത്തിൽ സസുഖം വസിക്കാം എന്നല്ലാതെ അവരോട് സഹായാർത്ഥന നടത്താം എന്നതിന് ഒരു തെളിവും ഈ ആയത്തിലില്ല മോനെ.

അലവീ, അല്ലാഹു പറഞ്ഞതാണ് വാസ്തവം.

وَقَالَ رَبُّكُمُ ادْعُونِي أَسْتَجِبْ لَكُمْ إِنَّ الَّذِينَ يَسْتَكْبِرُونَ عَنْ عِبَادَتِي سَيَدْخُلُونَ جَهَنَّمَ دَاخِرِينَ (غافر: 60)

നിങ്ങളുടെ രക്ഷിതാവ് പറഞ്ഞിരിക്കുന്നു: നിങ്ങൾ എന്നോട് പ്രാർത്ഥിക്കൂ. ഞാൻ നിങ്ങൾക്ക് ഉത്തരം നൽകാം. എന്നെ ആരാധിക്കാതെ അഹങ്കാരം നടിക്കുന്നവരാരോ അവർ വഴിയെ നിന്ദ്യരായിക്കൊണ്ട് നരകത്തിൽ പ്രവേശിക്കുന്നതാണ്; തീർച്ച. (ഗാഫിർ: 60)

قُلْ إِنَّمَا أَدْعُو رَبِّي وَلَا أُشْرِكُ بِهِ أَحَدًا (الجن: 20)

(നബിയേ,)പറയുക: ഞാൻ എന്റെ രക്ഷിതാവിനെ മാത്രമേ വിളിച്ചു പ്രാർത്ഥിക്കുകയുള്ളൂ. അവനോട് യാതൊരാളെയും ഞാൻ പങ്കുചേർക്കുകയില്ല. (ജിന്ന്: 20)

أَمَّن يُجِيبُ الْمُضْطَرَّ إِذَا دَعَاهُ وَيَكْشِفُ السُّوءَ وَيَجْعَلُكُمْ خُلَفَاءَ الْأَرْضِ أَإِلَٰهٌ مَّعَ اللَّهِ قَلِيلًا مَّا تَذَكَّرُونَ (النمل: 62)

അഥവാ, കഷ്ടപ്പെട്ടവൻ വിളിച്ചു പ്രാർത്ഥിച്ചാൽ അവന്നു ഉത്തരം നൽകുകയും വിഷമം നീക്കികൊടുക്കുകയും, നിങ്ങളെ ഭൂമിയിൽ പ്രതിനിധികളാക്കുകയും ചെയ്യുന്നവനോ (അതല്ല, അവരുടെ ദൈവങ്ങളോ?) അല്ലാഹുവോടൊപ്പം വേറെ വല്ല ദൈവവുമുണ്ടോ? കുറച്ച് മാത്രമേ നിങ്ങൾ ആലോചിച്ച് മനസ്സിലാക്കുന്നുള്ളൂ. (നംല്: 62)

അലവി: ഒരു പാട് സംശയങ്ങൾ ഈ ചർച്ചയിലൂടെ തീർക്കാനായി, അൽ ഹംദുലില്ലാഹ്. താങ്കൾക്കല്ലാഹു നല്ല പ്രതിഫലം നൽകട്ടെ.

മുതഅല്ലിം: അല്ലാഹു നമ്മെ ഇസ്ലാമിൽ അടിയുറപ്പിച്ചു നിർത്തുകയും, ശിർക്കിൽ നിന്ന് കാത്തു രക്ഷിക്കുകയും ചെയ്യട്ടെ. ആമീൻ

**അബൂ നസീഫ്**